"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന ജീവനക്കാരുടെ സേവന കാലാവധി 179 ദിവസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയ മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.243/2026/CLAD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. 20.01.2021 തീയതിയിലെ സ.ഉ(എംഎസ്)നം.02/2021/സാം.കാ.വ
2. 15.04.2022 തീയതിയിലെ 66/ബി2/2021-സാം.കാ.വ നമ്പർ കത്ത്
3. 25/06/2024 തീയതിയിലെ സ.ഉ(സാധാ)നം 326/2024/CLAD
4. 09.06.2025 തീയതിയിലെ സ.ഉ(സാധാ)നം.329/2025/CLAD
5. മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ 18.03.2025, 30.09.2025 എന്നീ തീയതികളിലെ എം.ഇസഡ്(എ) 3648/2020 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ പരാമർശം (1) പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്യാലറി അറ്റൻഡന്റ്, സ്വീപ്പർ, ഗാർഡനർ, അറ്റൻഡർ ഗ്രേഡ് 2, നൈറ്റ് വാച്ചർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാനും ടി ദിവസവേതനക്കാരെ 179 ദിവസത്തേയ്ക്ക് നിയമിക്കണമെന്നും, അവരുടെ സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടി ദിവസവേതനക്കാരുടെ സേവനം അവസാനിപ്പിക്കേണ്ടതാണെന്നും, പുതിയതായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സർക്കാർ അനുമതിയോടെ സ്വീകരിക്കണമെന്നും പരാമർശം(2) പ്രകാരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

2. ഡയറക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം കൈത്തറി മ്യൂസിയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയ ജീവനക്കാരുടെ സേവന കാലാവധി 2025 ജനുവരി, ഫെബ്രുവരി മാസങ്ങൾ വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

3. ടി മ്യൂസിയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നിർവ്വഹിക്കുന്നതിനും ടി മ്യൂസിയം പൊതുജനങ്ങൾ സന്ദർശിക്കുന്ന അവസരത്തിൽ ജീവനക്കാരുടെ സാന്നിധ്യം ആവശ്യമായതിനാലും ടി മ്യൂസിയത്തിലെ ഗ്യാലറി അറ്റൻഡന്റ്, സ്വീപ്പർ, ഗാർഡനർ എന്നീ തസ്തികകളിലെ ദിവസവേതനക്കാരുടെ സേവനം ആവശ്യമാണെന്നും ടി സാഹചര്യത്തിൽ ശ്രീമതി നിത്യ പി.വി, ശ്രീമതി ഷാലീന എ, ശ്രീമതി പ്രമീള പി.കെ, ശ്രീമതി രജീഷ പി.കെ, ശ്രീമതി സിന്ധു വി വി എന്നീ ജീവനക്കാർക്ക് 3 ദിവസത്തെ ബ്രേക്ക് നൽകി 07.01.2025, 09.01.2025, 21.01.2025, 25.02.2025 എന്നീ ദിവസങ്ങൾ മുതൽ 179 ദിവസത്തേക്ക് സേവനം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്ന് മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിരുന്നു.

4. കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ സൃഷ്ടിച്ച തസ്തികകളിൽ ദിവസവേതന നിയമനങ്ങൾക്ക് പുനർ നിയമനം നൽകിയതിൽ, ടി ജീവനക്കാർക്ക് വകുപ്പിൽ സ്ഥിര നിയമനം ആവശ്യപ്പെടുകയില്ലെന്ന് മുദ്രപത്രത്തിൽ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ പുനർനിയമനം നൽകിയ നടപടികൾക്ക് സാധൂകരണം നൽകാൻ പരാമർശം (5) പ്രകാരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയ ജീവനക്കാരായ ശ്രീമതി നിത്യ പി.വി, ശ്രീമതി ഷാലീന എ, ശ്രീമതി പ്രമീള പി.കെ, ശ്രീമതി രജീഷ പി.കെ, ശ്രീമതി സിന്ധു വി വി എന്നിവരുടെ സേവന കാലാവധി 03 ദിവസത്തെ ബ്രേക്ക് നൽകി 179 ദിവസത്തേക്ക് പുനർനിയമനം നൽകിയ ഡയറക്ടറുടെ നടപടി, മേലിൽ കരാർ നിയമനങ്ങളുടെ കാലാവധി സർക്കാർ അനുമതിയോട് കൂടി മാത്രമേ ദീർഘിപ്പിച്ചു നൽകാവൂ എന്ന കർശന നിർദ്ദേശത്തോടെ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പ്രസ്തുത ജീവനക്കാർ ഇപ്പോഴും സർക്കാർ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ തുടർന്നുവരുന്നുണ്ടെങ്കിൽ ഭരണപരമായ ആവശ്യകത പരിശോധിച്ച് കരാർ കാലാവധി വീണ്ടും ദീർഘിപ്പിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ഉചിതമായ ശിപാർശ സഹിതം പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി. ആർ. ഡി കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahini H
Date: 16-03-2026 11:09:28

സെക്ഷൻ ഓഫീസർ